നിർദ്ദേശങ്ങളും കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. വാഹന പരിശോധന ഊർജ്ജിതപ്പെടുത്തുക, വാഹന പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക, റോഡ് സുരക്ഷാ കാര്യങ്ങൾക്ക് ആവശ്യമുള്ള വാഹനങ്ങൾ വാങ്ങുക, ഹൈവേകളിൽ അപകടസാധ്യത കൂടിയ സ്ഥലങ്ങളിൽ ഡിവൈഡറുകൾ സ്ഥാപിക്കുക, അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത ഡ്രൈവിംഗ് സ്കൂളുകളുടെ ലൈസൻസ് റദ്ദ് ചെയ്യുക, സ്കൂൾ ക്ലാസുകളിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ഉൾപ്പെടുത്തുക എന്നിവയെല്ലാം റോഡ് സുരക്ഷാകൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരുന്നു. റോഡ് സുരക്ഷാ അതോറിറ്റിയും, റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. അതോറിറ്റിയുടെ പ്രവർത്തനം നിലവിൽ വരുമ്പോൾ റോഡപകടങ്ങൾ ഗണ്യമായിക്കുറയുകയും റോഡ് സുരക്ഷ ഒരുപരിധിവരെയെങ്കിലും ഉറപ്പാകുകയും ചെയ്യുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## കൈത്തറിവ്യവസായ പ്രശ്നങ്ങൾ

*11 [487] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ പുരോഗതിക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) കൈത്തറി വ്യവസായപുരോഗതി ലക്ഷ്യമാക്കി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന 14.64 കോടി രൂപയുടെ 'തനിമ' എന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കണ്ണൂർ ജില്ലയിലെ നെയ്ത്തുകാരെ ലക്ഷ്യമാക്കിയുള്ള 11.08 കോടി രൂപയുടെ 'കൃതിക' പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. എറണാകുളം, പാലക്കാട് ജില്ലകളിലെ നെയ്ത്തുകാരുടെ ഉന്നമനത്തിനുവേണ്ടി 12.86 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'പ്രതിഭ' പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ഉടനെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കൂടാതെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ദീൻദയാൽ ഹാത്കർഗ് പ്രോത്സാഹൻ യോജന (ഡി.ഡി.എച്ച്.പി.വൈ.) പദ്ധതിയിൽ 24 കോടി രൂപയുടെ പദ്ധതി ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കണ്ണൂരിനെ ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് ആയി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി 130 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കണ്ണൂരിലെ തളിപ്പറമ്പിൽ 30 കോടി രൂപ മുടക്കുവരുന്ന ടി.സി.ഐ.ഡി. പദ്ധതിയുടെ പ്രാരംഭനടപടികൾ നടന്നുവരുന്നു. കൂടാതെ കോഴിക്കോട് ക്രാഫ്റ്റ് ടെക്സ്റ്റയിൽ ക്ലസ്റ്റർ ആരംഭിക്കുന്നതിനുള്ള 3 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ച് കഴിഞ്ഞു. സേലത്തുള്ള ഐ.ഐ.എച്ച്.ടി.യുടെ മാതൃകയിൽ കണ്ണൂരിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തത്വത്തിൽ അംഗീകരിച്ചു. ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് സേലം ഐ.ഐ.എച്ച്.ടി. തയ്യാറാക്കിവരുന്നു. ഇതിന് പുറമെ ബാലരാമപുരം ഹാൻഡ്ലൂം പ്രോജക്ട് ഡെവലപ്പ്മെന്റ് സെന്റർ പ്രവർത്തനം തുടങ്ങി.

(ബി) കൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനും കൈത്തറി മേഖലയുടെ പുരോഗതിയും ലക്ഷ്യം വെച്ചുകൊണ്ട് വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, പരിശീലന വൈദഗ്ധ്യ വികസനപരിപാടി, സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ, ഫാക്ടറി മാതൃക, സംഘങ്ങളുടെ ആധുനിക വൽക്കരണം, ഉല്പന്ന വികസന വൈദഗ്ധ്യ ഉന്നമന പദ്ധതി, കലാപരമായ കൈത്തറി വസ്തുക്കളുടെ വിപുലീകരണം എന്നീ സംസ്ഥാന പദ്ധതികളും, ദീൻദയാൽ ഹാത്കർഗ പ്രോത്സാഹൻ യോജന (ഡി.ഡി.എച്ച്.പി.വൈ.), കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി (ഡി.ഇ.പി.എം.) എന്നീ കേന്ദ്ര സഹായ പദ്ധതികളും നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly